**ഈജിപ്ത് പ്രസിഡണ്ട് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയിലെത്തുന്നു (സെപ്തംബര് 01-03, 2016)**

ആഗസ്ത് , 2016

അറബ് റിപ്പബ്ലിക് ഓഫ് ഈജിപ്ത് പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ അബ്ദെല് ഫത്താഹ് അല് സിസി ഇന്ത്യയുടെ ആദരണീയനായ രാഷ്ട്രപതി ശ്രീ പ്രണാബ് മുഖർജിയുടെ ക്ഷണം സ്വീകരിച്ച് സെപ്തംബര് ഒന്ന് മുതല് മൂന്നു വരെ (സെപ്തംബര് 01-03, 2016) ഔദ്യോഗിക സന്ദർശനത്തിന് ഇന്ത്യയിലെത്തുന്നു. പ്രസിഡണ്ട് അല് സിസിക്കൊപ്പം മന്ത്രിമാര്, ഉദ്യോഗസ്ഥര് , വ്യാപാര നേതാക്കള് എന്നിവര് ഉൾപ്പെടുന്ന ഉന്നത തല പ്രതിനിധി സംഘവും ഉണ്ടാകും

സന്ദർശനത്തിന്റെ ഭാഗമായി ഇന്ത്യയുടെ രാഷ്ട്രപതി പ്രസിഡണ്ട് അല് സിസിയെ സ്വീകരിക്കും, അദ്ദേഹത്തോടുള്ള ആദര സൂചകമായി ഒരു സൽക്കാരം ഒരുക്കുകയും ചെയ്യും .ഇന്ത്യയുടെ ഉപരാഷ്ട്രപതി ഹിസ് എക്സലൻസി ശ്രീ മുഹമ്മദ് ഹമീദ് അൻസാരി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തും, ഇന്ത്യയുടെ പ്രധാനമന്ത്രി ഹിസ് എക്സലൻസി ശ്രീ നരേന്ദ്ര മോദി പ്രസിഡണ്ട് അല് സിസിയുമായി ഉഭയകക്ഷി ചർച്ചകള് നടത്തുകയും അദ്ദേഹത്തിനായി ഉച്ചഭക്ഷണത്തിന് ആഥിത്യമരുളുകയും ചെയ്യും . പ്രസിഡണ്ട് അല് സിസിയുമായി ഇന്ത്യയുടെ കേന്ദ്ര വിദേശ കാര്യ മന്ത്രി ഹെര് എക്സലൻസി ശ്രീമതി സുഷമ സ്വരാജ് കൂടിക്കാഴ്ച നടത്തും. തന്റെ സന്ദർശനത്തിന്റെ ഭാഗമായി ഇന്ത്യയിലെയും ഈജിപ്തിലെയും വ്യാപാര നേതാക്കളെ പ്രസിഡണ്ട് അല് സിസി കാണുമെന്ന് പ്രതീക്ഷിക്കുന്നു

ശക്തവും പരമ്പരാഗതവും സാംസ്ക്കാരികപരവുമായ ബന്ധങ്ങളിലൂടെ വിശിഷ്ടമായ ബന്ധങ്ങള് ആണ് ഇന്ത്യയും ഈജിപ്തും പങ്ക് വയ്ക്കുകയും ലോകത്തിന്റെ സമാധാനത്തിനും വികസനത്തിനും സംഭാവനകളും നല്കുകയും ചെയ്യുന്നു

24 ആഗസ്ത് 2016